**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുണ്ടൂർ ഗ്രാമപഞ്ചായത്ത് - ദേശീയ ഫുട്ബോൾ ടീമിൽ സെലക്ഷൻ ലഭിച്ച ശ്രീ. അഖിലിന് ധനസഹായം നൽകുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3545/2016/തസ്വഭവ — തിരുവനന്തപുരം, തീയതി, 29/12/2016

---

പരാമർശം:- 1. ശ്രീ. വി.എസ്. അച്യുതാനന്ദന്റെ 03/12/2016 ലെ കത്ത്.
2. സ.ഉ.(എം.എസ്)58/06/തസ്വഭവ തീയതി 16/02/2006.

**<u>ഉത്തരവ്</u>**

മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ അഖിൽ എ, s/o അരവിന്ദാക്ഷൻ, കുമ്മള ഹൗസ് നൊച്ചിപ്പുള്ളി, മുണ്ടൂർ എന്നവർ 2016 ഒക്ടോബറിൽ നടന്ന 9A side Football ചാമ്പ്യൻഷിപ്പിൽ അംഗമാവുകയും ഈ ടീമിൽനിന്നും ദേശീയ ടീമിലേക്ക് സെലക്ഷൻ ലഭിക്കുകയും ചെയ്തു. 2016 ഡിസംബറിൽ നടക്കുന്ന പരിശീലന ക്യാമ്പിൽ പങ്കെടുക്കുന്നതിലേക്കായുള്ള ചെലവുകൾക്കായി 40000- രൂപ ധനസഹായം നൽകണമെന്ന് പരാമർശം 1 ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ അഖിൽ എ, S/o അരവിന്ദാക്ഷൻ, കുമ്മള ഹൗസ് നൊച്ചിപ്പുള്ളി, മുണ്ടൂർ എന്നവർ 2016 ഒക്ടോബറിൽ നടന്ന 9A side Football ചാമ്പ്യൻഷിപ്പിൽ അംഗമാവുകയും ഈ ടീമിൽനിന്നും ദേശീയ ടീമിലേക്ക് സെലക്ഷൻ ലഭിക്കുകയും ചെയ്തു. 2016 ഡിസംബറിൽ നടക്കുന്ന പരിശീലന ക്യാമ്പിൽ പങ്കെടുക്കുന്നതിനായി മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 40000/- (നാൽപതിനായിരം രൂപ) ധനസഹായം നൽകുന്നതിന് പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
അഖിൽ എ, S/o അരവിന്ദാക്ഷൻ, കുമ്മള ഹൗസ് നൊച്ചിപ്പുള്ളി, മുണ്ടൂർ
പ്രസിഡന്റ്, മുണ്ടൂർ ഗ്രാമപഞ്ചായത്ത്, മുണ്ടൂർ പി.ഒ, പാലക്കാട്
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ